# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.T 2880 07.12.2018 ലെ മറുപടി

### കുളങ്ങൾ പുനരുദ്ധീകരിക്കാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ഷാഫി പറമ്പിൽ:** | **കെ.കൃഷ്ണൻകുട്ടി (ജലവിഭവ വകുപ്പുമന്ത്രി)** |
| പാലക്കാട് ജില്ലയിൽ കുളങ്ങൾ പുനരുദ്ധീകരിച്ച് കാർഷികവൃത്തി അഭിവൃദ്ധിപ്പെടുത്തുന്നതിനും കുളങ്ങളിലെ ജലവിതാനം ഉയർത്തുന്നതിനുമായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശങ്ങൾ അറിയിക്കാമോ? | ഹരിതകേരളം പദ്ധതിയിൽ ഉൾപ്പെടുത്തി 2017-18 സാമ്പത്തിക വർഷത്തിൽ കുളങ്ങൾ വൃത്തിയാക്കുന്നതിനുള്ള പ്രവർത്തികൾക്കായി പാലക്കാട് ജില്ലയിൽ 79 കുളങ്ങൾക്കായി 79.87 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. അവയിൽ 54 എണ്ണം പൂർത്തീകരിച്ചു. 18 കുളങ്ങൾ തൊഴിലുറപ്പ് പദ്ധതിയിൽ (എം.ജി.എൻ.ആർ.ഇ.ജി.എസ്) വിവിധ പഞ്ചായത്തുകൾ ചെയ്തു. 2 പ്രവൃത്തികൾ ടെണ്ടർ ചെയ്തിട്ട് ആരും ഏറ്റെടുത്തില്ല. 3 പ്രവൃത്തികൾ പ്രായോഗികമല്ലാത്തതിനാൽ ചെയ്തില്ല. 2 പ്രവൃത്തികൾ സ്വകാര്യ വ്യക്തികളുമായി തർക്കം നിലനിൽക്കുന്നതിനാൽ പണി പൂർത്തിയാക്കുവാൻ സാധിച്ചില്ല. ചിറ്റൂർ മേഖലയിലെ കൊല്ലങ്കോട് ചിറ്റൂർ ബ്ലോക്കുകളിലെ മഴ നിഴൽ മേഖലയിലുള്ള കുളങ്ങൾ നവീകരിച്ച് ജലവിതാനം ഉയർത്തുന്നതിനും കാർഷികാഭി-വൃദ്ധിക്കുമായി മൈനർ ഇറിഗേഷൻ ക്ലാസ് 2 എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തി 19 കുളങ്ങളുടെ പ്രവൃത്തികൾക്കായി ഭരണാനുമതി നല്കിയിട്ടുണ്ട്. ഇതിൽ 2 പ്രവൃത്തികൾ പൂർത്തീകരിച്ചു. ശേഷിക്കുന്നവ പല ഘട്ടങ്ങളിലായി പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ